"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**



നമ്പർ. PF-1/37/2022-FIN(2124126)

ധനകാര്യ (പി എഫ്) വകുപ്പ്.
ഫോൺ : 0471-2517444
email:fin.pf@kerala.gov.in
തിരുവനന്തപുരം,
തീയതി : **04/08/2022.**

പ്രേക്ഷകൻ

ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി,
ധനകാര്യം.

സ്വീകർത്താവ്

ട്രഷറി ഡയറക്ടർ,
തിരുവനന്തപുരം.

സർ,

**വിഷയം:-** എയിഡഡ് സ്കൂളുകളിൽ അദ്ധ്യാപക /അനദ്ധ്യാപക ജീവനക്കാരുടെ നിയമനം മുൻകാല പ്രാബല്യത്തിൽ അംഗീകരിക്കുമ്പോൾ ശമ്പള കടിശ്ശിക പി എഫിൽ ലയിപ്പിക്കുന്നതിന് 27/01/2021 – ലെ പരിപത്രം നമ്പർ 7/2021 – സ്പഷ്ടീകരണവും തുടർ നിർദ്ദേശങ്ങളും നൽകുന്നു.

**സൂചന:-** താങ്കളുടെ 27/06/2022 -ലെ TRY/4422/2021-E1 നമ്പർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1. കാലാകാലങ്ങളായി കേരളത്തിൽ 7000 വരുന്ന എയ്ഡഡ് മേഖലയിലെ നിയമനങ്ങൾ സ്കൂൾ മാനേജർമാർ നടത്തുകയും ശമ്പളം, ശമ്പള പരിഷ്കരണ കടിശ്ശിക, പെൻഷൻ തുടങ്ങിയ ചെലവുകൾ Direct Payment System വഴി സംസ്ഥാന സർക്കാർ വഹിക്കുന്നതുവഴി സർക്കാർ ഖജനാവിന് കനത്ത സാമ്പത്തിക ബാധ്യതയാണ് ഉണ്ടാകുന്നത്.

2. ഇത്തരം മേഖലയിൽ നടത്തുന്ന അനധികൃത നിയമനങ്ങൽ പിന്നീട് മുൻകാല പ്രാബല്യത്തോടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ വിവിധ ഉത്തരവുകൾ പ്രകാരം അംഗീകരിക്കപ്പെടുമ്പോൾ നിയമനം ക്രമീകരിച്ച തീയതി മുതൽ ഉത്തരവ് ഇറങ്ങിയ തീയതിവരെയുള്ള ശമ്പളകടിശ്ശിക ഒറ്റയടിക്ക് അനുവദിക്കുന്നത് സംസ്ഥാന ഖജനാവിൽ ഇടയ്ക്കിടയ്ക്ക് അപ്രതീക്ഷിത ബാധ്യത/cash flow ഉണ്ടാവാനും സംസ്ഥാനത്തിന്റെ ways and means സ്ഥിതിയെ പ്രതികൂലമായി ബാധിക്കാനും സാധ്യതയുള്ളതിനാലാണ് 27/01/2021 – ലെ സർക്കുലർ പുറപ്പെടുവിച്ചത്.

3. ഭരണഘടനയുടെ ആർട്ടിക്കിൾ 309 പ്രകാരം സർക്കാർ മേഖലയിലും സർക്കാർ എയ്ഡഡ് മേഖലയിലും ഉള്ള ജീവനക്കാരുടെ സേവന ശമ്പള വ്യവസ്ഥകൾ നിശ്ചയിക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. സർക്കാർ ടി ഉത്തരവ് പൊതു താൽപര്യത്തിലും സംസ്ഥാന സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനും വേണ്ടി ഉത്തമ ബോധ്യത്തോടെ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

4. കൂടാതെ വിവിധ സർക്കാർ ഉത്തരവ് പ്രകാരമോ കോടതി വിധിപ്രകാരമോ ഉള്ള നിയമനാംഗീകാരത്തെയോ

GHS MUTTOM BLOG . IN

ഇപ്രകാരമുള്ള കക്ഷികളുടെ ശമ്പളകുടിശ്ശികയുടെ അവകാശങ്ങളെയോ വകുപ്പ് ഉത്തരവ് പ്രകാരം നിഷേധിച്ചിട്ടില്ല. ടി വ്യക്തികളുടെ പേരിലുള്ള പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടുകളിൽ നിക്ഷേപിക്കാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്.

5. ഈ സാഹചര്യത്തിൽ 27/01/2021 – ലെ സർക്കുലർ 7/2021, 29/01/2016 – ലെ സ.ഉ.(പി)29/2016/പൊ.വി.വ ഉത്തരവ് പ്രകാരമുള്ള നിയമനങ്ങൾ മാത്രമല്ല ടി ഉത്തരവ് ഉൾപ്പെടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് കാലാകാലമായി പുറപ്പെടുവിക്കുന്നതും എയ്ഡഡ് സ്കൂളുകളിലെ സർക്കാർ അംഗീകാരമില്ലാത്ത അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ മുൻകാല പ്രാബല്യത്തോടെ ക്രമീകരിച്ച് അനുവദിക്കുന്ന എല്ലാ ഉത്തരവുകൾക്കും ബാധകമാണെന്നും ടി ജീവനക്കാരുടെ നിയമനം മുൻകാല പ്രാബല്യത്തിൽ അംഗീകരിക്കപ്പെട്ട തീയതി മുതൽ ടി നിയമനം അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച തീയതി വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശിക അതാത് പി എഫ് അക്കൗണ്ടിൽ നിർബന്ധമായും നിക്ഷേപിക്കേണ്ടതാണ് എന്നും സ്പഷ്ടീകരണം നൽകുന്നു.

6. ഈ വിഷയവുമായി ബന്ധപ്പെട്ട് നിലവിൽ സെക്രട്ടറി ധനകാര്യവകുപ്പ് Respondent ആയി വന്നിട്ടുള്ള കോടതിക്കേസുകളിൽ മേൽ പറഞ്ഞ നിലപാട് instructions / statement of facts എന്നിവയിൽ സ്വീകരിക്കാവുന്നതാണ്.

7. കൂടാതെ ശ്രീമതി. ലത്തീഫ ബീവി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.8725/2021 – ന്റെ 04/08/2021 – ലെ വിധിന്യായത്തിൽ (STO Alappuzha 7th Respondent ) അടിയന്തിരമായി അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുന്നു.

ഇതിന് ബഹു. ധനകാര്യമന്ത്രിയുടെ അംഗീകാരമുണ്ട്.

വിശ്വസ്തതയോടെ
**അനില. എൽ.**
**അഡീഷണൽ സെക്രട്ടറി**
**അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്ക് വേണ്ടി**

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ.

പകർപ്പ്: 1) പൊതു വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടേറിയറ്റ്.
2) പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ജഗതി, തിരുവനന്തപുരം.

GHS MUTTOM BLOG . IN